# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:269 — 10.12.2018-ൽ മറുപടിയ്ക്ക്

## മത്സ്യ ലേലത്തിൽ ഇടനിലക്കാർ ഈടാക്കി വരുന്ന കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഫിഷ് ലാന്റിംഗ് സെന്ററുകളിലും ഫിഷിംഗ് ഹാർബറിലും മത്സ്യ ലേലം നടക്കുമ്പോൾ ഇടനിലക്കാർ മത്സ്യത്തൊഴിലാളികളിൽ നിന്നും ഭീമമായ കമ്മീഷൻ ഈടാക്കി വരുന്നതായ വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) ഉണ്ട്.<br>കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് അർഹമായ വില അവർക്ക് ലഭിക്കുന്നില്ല. മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ട് വരുന്ന മത്സ്യത്തിന്റെ ആദ്യവില്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമായാൽ മാത്രമേ ഇത് സാധിക്കുകയുള്ളൂ. നിലവിൽ മത്സ്യത്തൊഴിലാളികൾ പിടിച്ച് കൊണ്ട് വരുന്ന മത്സ്യം ഹാർബറുകളിലും കരയ്ക്കടിപ്പിക്കൽ കേന്ദ്രങ്ങളിലും ലേലം ചെയ്യുന്നതിനുള്ള അവകാശം ലേലക്കാരനാണ്. ലേലക്കാർ ഒരു മാനദണ്ഡവും കൂടാതെയാണ് ലേല കമ്മീഷൻ ഈടാക്കുന്നത്. ഇത് വില്പന വിലയുടെ 5% മുതൽ 12% വരെ വരും. ഇതിന് പുറമേ അളവിലും/ തൂക്കത്തിലും പലപ്പോഴും കൃത്യത പാലിക്കാറില്ല. ഇത്തരത്തിൽ പിടിച്ചെടുത്ത് കൊണ്ടു വരുന്ന മത്സ്യത്തിന് അർഹമായ വില ലഭിക്കാത്തത് കാരണം മത്സ്യത്തൊഴിലാളികൾ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയമാകുന്നു. എന്നാൽ മത്സ്യ കച്ചവടത്തിൽ ഏർപ്പെടാത്ത ലേലക്കാരും കച്ചവടക്കാരും മത്സ്യം ഉയർന്ന വിലനിശ്ചയിച്ചാണ് ഉപഭോക്താക്കൾക്ക് എത്തിക്കുന്നത്. |

| | |
|---|---|
| ബി) ഇത്ര നിയന്ത്രിക്കുന്നതിനും മത്സ്യത്തൊഴിലാളികളെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനും നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ? | ബി) ഉണ്ട്. മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോൽസാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് മത്സ്യലേലം, മത്സ്യവിപണനം, ഗുണനിലവാര പരിപാലനം ബിൽ 2018 എന്ന പേരിൽ സംസ്ഥാന സർക്കാർ നിയമ നിർമ്മാണത്തിന് ശ്രമിക്കുന്നു. നിലവിൽ തയ്യാറാക്കിയിട്ടുള്ള കരട് ബില്ലിൽ പ്രതിപാദിക്കുന്ന പ്രധാന കാര്യങ്ങൾ:-<br>(1) സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ലാന്റിംഗ് സെന്റർ/ഹാർബർ/ മാർക്കറ്റ് എന്നിവിടങ്ങളിൽ മാത്രമേ മത്സ്യലേലം നടത്തുവാൻ പാടുള്ളൂ. ഇതുവഴി മത്സ്യം കൈകാര്യം ചെയ്യുന്ന സ്ഥലങ്ങളിലെ ശുചിത്വം ഉറപ്പാക്കുന്നതിന് കഴിയും.<br>2. ലേലക്കാർക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നുള്ള അനുമതിപത്രം പ്രകാരം മാത്രമേ ലേലത്തിൽ പങ്കെടുപ്പിക്കാൻ കഴിയൂ.<br>3. മത്സ്യലേലം ഏർപ്പെടുത്തേണ്ട രീതി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ സർക്കാർ വിജ്ഞാപനം മൂലം ക്രമപ്പെടുത്തുന്നതാണ്.<br>4. ലേലം ക്രമപ്പെടുത്തുന്നതിനും ലേല കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പാക്കുന്നതിനും ഫലപ്രദമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനും ഗുണഭോക്താക്കളുടേയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ഫിഷറീസ് വകുപ്പിന്റെയും പങ്കാളിത്തത്തോടെ മാനേജ് മെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്നതായിരിക്കും.<br>5. ഇത്തരത്തിൽ രൂപീകൃത മാകുന്ന ലാന്റിംഗ് സെന്റർ/ഹാർബർ/മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റികൾക്ക് ലേല തുകയുടെ 5% ത്തിൽ അധികരിക്കാത്ത തുക മാത്രം ലേല കമ്മീഷൻ ആയി നിശ്ചയിക്കാവുന്നതാണ്.<br>6. ലേല കമ്മീഷൻ തുക ലേലക്കാരൻ, തദ്ദേശ സ്വയംഭരണ സ്ഥാപനം മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം, മാനേജ്മെന്റ് സൊസൈറ്റി എന്നിവർക്ക് സർക്കാർ വിജ്ഞാപനം ചെയ്യുന്ന അനുപാതത്തിൽ വിഭജിക്കുന്നതായിരിക്കും . |

7. ലേലത്തിന് കൃത്യമായ അളവ് പാലിക്കുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. (എണ്ണം/തൂക്കം)

8. ലേലത്തിനുള്ള അനുമതി പത്രം ലഭിക്കണമെങ്കിൽ ആ പ്രദേശത്തെ നിലവിലുള്ള മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന്റെ ശുപാർശയും നിർണ്ണയിക്കപ്പെടുന്ന ഫീസും അപേക്ഷയും സമർപ്പിക്കേണ്ടതാണ്.

9. ലേലക്കാരന് ലേലം നടത്തുന്നതിനുള്ള അവകാശത്തിനു പുറമേ ലേല കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന അപ്രതീക്ഷിത സംഭവങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കാനും നിർണ്ണയിക്കുന്ന രീതിയിൽ രജിസ്റ്ററുകളും കണക്കുകളും എഴുതി സൂക്ഷിക്കുന്നതിനും ബാധ്യസ്ഥരായിരിക്കും.

കൂടാതെ മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യം മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമസഹകരണ സംഘങ്ങൾ വഴി ലേലം ചെയ്ത് ഏറ്റെടുത്ത് ഇടനിലക്കാരെ ഒഴിവാക്കി വില്പന നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോൽസാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടാണ് നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ആഫീസർ